മാതൃഭൂമി

Mathrubhumi Seed

Student Empowerment for Environmental Development

In partnership with FEDERAL BANK

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



2025 ഫെബ്രുവരി 20

## നരവംശശാസ്ത്ര ദിനം

മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

Mathrubhumi SEED
Digital nature magazine

Leaf - 41 February 2025

# ആകാശപ്പച്ച

# CONTENTS


എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16


Cover photo: Shutterstock

2025 ഫെബ്രുവരി 20

# നരവംശശാസ്ത്ര ദിനം

**പു**തിയ വിഷയങ്ങൾ ദിനാചരണങ്ങൾക്കായി പരിഗണിക്കുന്നത് നല്ലതാണ്. വേറിട്ട അറിവുകളിലേക്കുള്ള വഴിയുമാണ് അത്. ലോകമെമ്പാടുമുള്ള മനുഷ്യവൈവിധ്യം, സംസ്കാരങ്ങൾ, സമൂഹങ്ങൾ എന്നിവയെ മനസ്സിലാക്കുന്നതിൽ നരവംശശാസ്ത്രത്തിന് വലിയ പ്രാധാന്യമുണ്ട്. കാടുകളിൽ അലഞ്ഞുനടന്ന മനുഷ്യർ എങ്ങനെയാണ് ഇന്നത്തെ നിലയിലേക്ക് പുരോഗമിച്ചതെന്ന് ശരിയായി മനസ്സിലാക്കാൻ നരവംശശാസ്ത്രത്തിന്റെ സഹായം ആവശ്യമാണ്. 2015 മുതൽ അമേരിക്കൻ ആന്ത്രോപോളജിക്കൽ അസോസിയേഷൻ ആചരിക്കുന്ന നരവംശശാസ്ത്രദിനം ഇപ്പോൾ ലോകം മുഴുവൻ ആഘോഷിക്കുന്നു. ഫെബ്രുവരിയിലെ മൂന്നാമത്തെ വ്യാഴാഴ്ചയാണ് നരവംശശാസ്ത്ര ദിനം. പഴയകാലത്തെക്കുറിച്ചുള്ള അറിവുകൾ പുതിയ കാലജീവിതത്തെ ഏറെ സഹായിക്കുന്നവയുമാണ്.





# കളിച്ചുവളരണം

വ്യായാമം ചെയ്യുന്ന കുട്ടികൾ എത്രപേരുണ്ട്? ഈ ചോദ്യം ചോദിച്ചാൽ, കുട്ടികളെന്തിനാ വ്യായാമം ചെയ്യുന്നത്? എന്ന് തിരിച്ചു ചോദിക്കുന്നചിലരുണ്ട്. കുട്ടികൾക്കെന്നല്ല, എല്ലാ പ്രായക്കാർക്കും ഏറ്റവും നല്ല ആരോഗ്യരക്ഷാമരുന്നാണ് വ്യായാമം. ശരിയായി വ്യയാമം ചെയ്യുന്നവർക്ക് രോഗങ്ങൾ ബാധിക്കാനുള്ള സാധ്യത വളരെയധികം കുറഞ്ഞുകിട്ടും. കുട്ടികൾ ചെറുപ്രായത്തിൽ തന്നെ ശരിയായ വ്യായാമങ്ങൾ ശീലമാക്കുന്നത് നല്ലതാണ്. സ്കൂളുകളിലും മറ്റും കൂട്ടംചേർന്ന് ഓടിക്കളിക്കുന്നശീലം ഇപ്പോൾ കുറഞ്ഞുവരുന്നു. കൂട്ടുചേർന്നുള്ള കളികൾ ശാരീരിക ആരോഗ്യത്തിനുപുറമേ മാനസികാരോഗ്യവും നൽകും. ജയവും തോൽവിയുമൊക്കെ എങ്ങനെയാണ് കൈകാര്യം ചെയ്യേണ്ടതെന്ന് പഠിക്കാനും കൂട്ടംചേർന്നുള്ള കളികൾ സഹായിക്കും. എല്ലാ കുട്ടികളിലും വ്യായാമശീലം വളർത്തിക്കൊണ്ടുവരാൻ കഴിയുന്ന സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണ്. അതിനായി എല്ലാവരും ഒന്നുചേർന്ന് പ്രവർത്തിക്കണം.

# കാടുകെടുത്തും തീ

കാടുകളുമായി അടുത്തബന്ധമുണ്ട് ഭൂമിയുടെ ആത്മാവായ കാലാവസ്ഥയ്ക്ക്. കാടിന്റെ നിലനിൽപ്പിന് തന്നെ വലിയ വെല്ലുവിളിയാണ് കാട്ടുതീ. പ്രധാനമായും ഇത് മൂന്ന് തരത്തിലുണ്ട്– സർഫസ് ഫയർ അഥവാ ഗ്രൗണ്ട് ഫയർ, ക്രൗൺ ഫയർ, സബ് സർഫസ് ഫയർ. തറനിരപ്പിൽ പടരുന്ന കാട്ടുതീയാണ് സർഫസ് ഫയർ. ഉണങ്ങിയ ഇലകളും പുല്ലും കത്തിപ്പടർന്ന് അടിക്കാട് മുഴുവൻ എരിച്ചു കളയന്നതാണ് ക്രൗൺ ഫയർ. മാസങ്ങളോളം ഇത് കത്താറുണ്ട്. സർവ്വസന്നാഹങ്ങളും ഉപയോഗിച്ചാലേ ഈ തീ അണയ്ക്കാൻ സാധിക്കുകയുള്ളൂ. കാട്ടുതീയുടെ കൂട്ടത്തിൽ ഏറ്റവും വില്ലൻ സബ് സർഫസ് ഫയർ ആണ്. ഭൂമിയുടെ ഉപരിതലത്തിന് താഴെ തീ കത്തിക്കൊണ്ടേയിരിക്കും, ആരുമറിയില്ല. ഇത് പുറത്തേക്ക് എത്തുമ്പോഴേക്കും മണ്ണ് മുഴുവൻ വെന്ത് ഒന്നിനും കൊള്ളാത്തവിധം തരിശാവുകയും ചെയ്യും. ഇങ്ങനെ ഉണ്ടാകുന്ന കാട്ടുതീക്ക് ലാൻഡ് ഫയർ എന്നും പേരുണ്ട്. ഇന്ത്യയിൽ സർഫസ് ഫയറും ക്രൗൺ ഫയറുമാണ് പൊതുവെ കണ്ടുവരുന്നത്. ചെറിയ മരങ്ങളും അടിക്കാടും കത്തിനശിക്കുന്ന മിഡ്ലെവൽ ഫയറും കേരളത്തിൽ ഉണ്ടാകാറുണ്ട്.



ഹൃദ്യകൃഷ്ണ
ജി.എച്ച്.എസ്.എസ്. പൊറ്റശ്ശേരി
പാലക്കാട്

# മലനാടില്ലെങ്കിൽ മലയാളനാടില്ല




അതിമനോഹരമായ ഭൂപ്രകൃതിയാണ് കേരളത്തിന്റെ മലനാടിനുള്ളത്. ഇവിടെ വനവും വാസസ്ഥലവും ഇടകലർന്ന് കാണപ്പെടുന്നു. എന്നാൽ ഭൂപ്രകൃതിയേയും വനത്തേയും സംരക്ഷിക്കുന്നതിൽ വലിയ ശ്രദ്ധയൊന്നും നമുക്കില്ല. മലനാട് സംരക്ഷിച്ച് നിലനിർത്തിയില്ലെങ്കിൽ കേരളത്തിന് നിലനിൽപ്പില്ല. പുഴകളെല്ലാം ഒഴുകിത്തുടങ്ങുന്നത് മലനാട്ടിൽ നിന്നാണ്. പുഴകളിലും തോടുകളിലും നാം പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിക്ഷേപിച്ചു മലിനമാക്കുന്നു. തോടുകളും നദികളും വീതികുറച്ചു പണിതെടുക്കുമ്പോൾ വെള്ളം ഒഴുകിപ്പോകാൻ സ്ഥലമില്ലാതെയാകുന്നു. ഇത് നാം പ്രകൃതിയോട് കാണിക്കുന്ന ഏറ്റവും വലിയ ക്രൂരതയാണ്. മനുഷ്യന്റെ വിവേചനരഹിതമായ ഇടപെടലുകളുടെ ഫലമാണ് പല പ്രകൃതി ദുരന്തങ്ങളും. നമുക്ക് സമാധാനമായി ജീവിക്കണമെങ്കിൽ പ്രകൃതിയോടുള്ള ക്രൂരത ഒഴിവാക്കി, പ്രകൃതിയെ മലിനമാക്കാതെ സംരക്ഷിക്കണം. പ്രകൃതി നമ്മുടെ സ്വത്താണ്. പ്രകൃതി ഇല്ലെങ്കിൽ മനുഷ്യനും ഇല്ല.

റയ ഫാത്തിമ എ.
മുസ്ലിം എച്ച്.എസ്.എസ്.കങ്ങഴ
കോട്ടയം

# പുള്ളിമുള്ളൻകോഴി

പാറകൾ നിറഞ്ഞ കുന്നിൻ പ്രദേശങ്ങളിലും കുറ്റിക്കാടുകളിലും കാണപ്പെടുന്ന പക്ഷിയാണ് പുള്ളിമുള്ളൻകോഴി. ആണിന് കാലിൽ രണ്ടോ നാലോ മുള്ളുകൾ കാണും. പെണ്ണിനാണങ്കിൽ ഇത് ഒന്നോ രണ്ടോ ആയിരിക്കും. ഇണകളായോ കൂട്ടങ്ങളായോ കാണപ്പെടുന്നു. അധികവും ഓടി രക്ഷപെടാനാണ് ശ്രമിക്കുക. അപൂർവമായി പറക്കും. ആണിന് കറുത്തവാലും ചെങ്കല്ലിന്റെ നിറമുള്ള അടിവശവും ഇരുണ്ട മേൽവശവുമാണുള്ളത്. മുകൾഭാഗത്തെ തൂവലുകളിൽ കറുത്ത അരികുകളോടു കൂടിയ വെള്ളപുള്ളികളുണ്ട്. ആണിന്റെ തലയും കഴുത്തും കറുപ്പാണ്. പെണ്ണിന് കുറച്ച് മങ്ങിയ നിറവും. ചെമ്പൻ നിറമുള്ള പുരികവും ചെവിമൂടികളുമുണ്ട്. ഇംഗ്ലീഷ് പേര് Painted spurfowl എന്നും ശാസ്ത്രീയ നാമം Galloperdix lunulata എന്നുമാണ്.



വൈഗ സന്തോഷ്
ജി.പി.എം.യു.പി.എസ്.പൂതംകര
പത്തനംതിട്ട

ഈ ഫോട്ടോ കാണാം

# കുമരകം



ദീപ്തി ഒ..സീഡ് ടീച്ചർ കോഡിനേറ്റർ
ഗവ.ഡബ്യൂ.എൽ.പി.എസ്.
മണ്ണടിക്കാല, പത്തനംതിട്ട

മാതൃഭൂമി
ആകാശപ്പച്ച
2025 ഫെബ്രുവരി

കൃഷിക്കാര്യം

# പാരമ്പര്യം വിളയുന്ന ചെറുവയൽ കൃഷിരീതി

നെല്ലിനങ്ങളുടെ ഒരു 'ജീൻ ബാങ്കർ' ആണ് ചെറുവയൽ രാമൻ. നെൽവിത്തിന്റെ സംരക്ഷണത്തിന്റെ പരമ്പരാഗത രീതിയാണ് അദ്ദേഹം അനുവർത്തിക്കുന്നത്. വിള വെടുത്ത നെല്ല് ഒരാഴ്ച വെയിലും മഞ്ഞും കൊള്ളിക്കുന്നു. തുടർന്ന് മുളങ്കുട്ട ചൂടാക്കി വെയിലിന്റെ ചൂടോടെ നെല്ല് അതിൽ സംഭരിക്കും. വൈക്കോൽകൂടാരം പോലെ കെട്ടിയുണ്ടാക്കുന്ന വിത്തുകൂടയും നെൽ സംഭരണത്തിന് ഉപയോഗിക്കുന്നുണ്ട്. രണ്ടു വർഷം വരെ മുളയ്ക്കൽശേഷി നഷ്ടപ്പെടാതെ പരമ്പരാഗത രീതിയിൽ നെല്ല് സൂക്ഷിക്കാനാകും. പുഴുങ്ങി കുത്തിയ അരിയും ഈ വിധം സംഭരിക്കാം. ചെറുവയൽ രാമൻ 45 ഇനം നെല്ല് കൃഷി ചെയ്തു സംരക്ഷിച്ചു വരുന്നു. നെൽ വിത്തുകൾ കൂടാതെ പരമ്പരാഗത പച്ചക്കറി ഇനങ്ങളും ഔഷധസസ്യങ്ങളും വിവിധ വൃക്ഷങ്ങളും ഇദ്ദേഹം തന്റെ തോട്ടത്തിൽ പരിപാലിച്ചു വളർത്തുന്നു. നിരവധി വിദ്യാർത്ഥികളും ഗവേഷകരും കർഷകരും നിത്യേന ഈ പുരയിടം സന്ദർശിച്ച് പരമ്പരാഗത കൃഷി മനസ്സിലാക്കുന്നുണ്ട്.



ലിജി ടി.
സീഡ് ടീച്ചർ കോർഡിനേറ്റർ
ജി.എൽ.പി.എസ്.ഒളവണ്ണ, കോഴിക്കോട്



# പാട്ടിലെ കുട്ടനാട്

*കുട്ടനാടൻ കായലിലെ*
*കെട്ടുവള്ളം തുഴയുമ്പോൾ*
*പാട്ടൊന്നു പാടെടി കാക്ക കറുമ്പീ...*
*അന്തിക്കുടം കമിഴ്ത്തി ഞാൻ*
*ഇളംകള്ള് കുടിക്കുമ്പോൾ*
*പഴംകഥ പറയെടി പുള്ളിക്കുയിലേ...*

'**കാഴ്ച**' എന്ന ചലച്ചിത്രത്തിലേതാണ് ഈ പാട്ട്. കുട്ടനാടിന്റെ പ്രകൃതി സൗന്ദര്യവും അവിടുത്തെ ജനങ്ങളുടെ സാധരണ ജീവിതവും ഈ വരികളിൽ ഓളം വെട്ടുന്നു. പാടവും തടാകങ്ങളും ഇടകലർന്ന പ്രകൃതിയുടെ താളലയം ഈ വരികളിൽ കാണാം. കായലിലും പാടങ്ങളിലും ജീവിതം തേടുന്ന കുട്ടനാട്ടുകാരുടെ പാരമ്പര്യത്തിന്റയും ശാന്തമായ ജീവിതത്തിന്റെയും സവിശേഷതകൾ പാട്ടിൽ നിറയുന്നുണ്ട്. കേരളീയ നാട്ടുസംഗീതത്തിന്റെ ഊർജവും ഈ പാട്ട് സമ്മാനിക്കുന്നുണ്ട്.

ശീതൾ വി.
സെയിന്റ് ഇംഗ്ലീഷ് മീഡിയം സ്കൂൾ
പെരിയാട്ടടുക്കം, കാസർകോട്

ഇത് അതിശയം തന്നെ



# പ്രകാശം പരത്തുന്ന കൂണുകൾ


ഇരുട്ടിൽ തിളങ്ങാൻ കഴിവുള്ള കൂണുകളെയാണ് ബയോലൂമിനിസെന്റ് (Bioluminiscent) കൂണുകൾ എന്ന് വിളിക്കുന്നത്. ഉഷ്ണമേഖലയിലും മിതശീതോഷ്ണ മേഖലയിലുമാണ് ഈ കൂണുകൾ അധികമായി കണ്ടുവരുന്നത്. കണ്ണൂർ ജില്ലയിലെ റാണിപുരത്ത് കഴിഞ്ഞ വർഷം ഇത്തരം കൂണുകൾ കണ്ടിരുന്നു. ലൂസിഫറിനും (Luciferin) ഓക്സിജനും ചേർന്നുള്ള രാസപ്രക്രിയ വഴിയാണ് ഇവ വിചിത്രമായ പച്ച നിറത്തിൽ പ്രകാശം പരത്തുന്നത്.

നിഷ കെ., സീഡ് ടീച്ചർ കോഡിനേറ്റർ
പുതിയങ്ങാടി ജമാ അത്
ഹയർ സെക്കന്ററി സ്കൂൾ, കണ്ണൂർ

തെറ്റ് ശരി

# കോട്ടുവായ ഒരു വൈറസോ?

മറ്റൊരാൾ കോട്ടുവായ ഇടുന്നത് കണ്ടാൽ നമുക്കും കോട്ടുവാ വരാറില്ലേ? മറ്റൊരാളിൽ നിന്ന് പകരാൻ ഇത് വൈറസാണോ? അല്ലേയല്ല. പിന്നെ എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു എന്ന് എപ്പോഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ? എന്തായാലും ഇതേക്കുറിച്ച് നിരവധി അഭിപ്രായങ്ങൾ നിലവിലുണ്ട്. ഓക്സിജൻ ലഭ്യത കുറയുന്നതാണ് കോട്ടുവായുടെ കാരണമെന്ന് ചിലർ പറയുന്നു. ഒരുമിച്ച് കോട്ടുവായുണ്ടാകുന്നത് നമുക്ക് ആ വ്യക്തിയോടുള്ള സഹാനുഭൂതി കാരണമാണെന്ന പുതിയ വാദവും ചിലർ മുന്നോട്ട് വയ്ക്കുന്നുണ്ട്. എന്നാൽ ഒന്നും ശാസ്ത്രീയമായി ഉറപ്പിക്കപ്പെട്ടിട്ടുമില്ല.





ഫാത്തിമ സഫ
ജി.എച്ച്.എസ്. ബീനാച്ചി
വയനാട്

ലോകം എങ്ങനെ

# ലോകം ശ്രദ്ധിക്കേണ്ട പരിസ്ഥിതി

പരിസ്ഥിതിയോട് മനുഷ്യൻ നടത്തിയ നീതി ലംഘനവും സാങ്കേതികവിദ്യയുകളുടെ ദോഷ ഫലങ്ങളും ജീവിതത്തിന്റെ ഗുണമേന്മയെ ബാധിക്കാൻ തുടങ്ങിയിട്ടുണ്ട്. കാലാവസ്ഥ വ്യതിയാനമാണ് ഏറ്റവും ഗുരുതരമായ പ്രശ്നം. കൂടിയ വേഗത്തിൽ കുതിച്ചുയരുന്ന ഹരിത ഗൃഹവാതകങ്ങൾ, വ്യാവസായിക പ്രവർത്ത നങ്ങളുണ്ടാക്കുന്ന മാലി ന്യങ്ങൾ, വാഹനങ്ങളിൽ നിന്ന് പുറത്തുവരുന്ന കാർബൺ തുടങ്ങിയവ വലിയതോതിൽ വായുമ ലിനീകരണത്തിന് കാര ണമാകുന്നു. ഇതിന്റെ ഫലമായി കാലാവസ്ഥ വ്യതിയാനത്തോടൊപ്പം ശ്വാസകോശ രോഗങ്ങളും വർദ്ധിക്കുന്നു. പരിസ്ഥിതിയുടെ പ്രാധാന്യം മനുഷ്യമനസ്സിൽ എളുപ്പത്തിലും ആഴത്തിലും പതിയേണ്ടത് അത്യാവശ്യമാണ്. ലോകം മുഴുവൻ ഒരു സമൂഹമായി മാറിയ കാലത്ത്, പരിസ്ഥിതിയെ സംരക്ഷിക്കാൻ എല്ലാ രാജ്യങ്ങളും എല്ലാമനുഷ്യരും പ്രാപ്തമാകുകയും പരിശ്രമിക്കുകയും ചെയ്യേണ്ടത് വളരെ പ്രധാനമാണ്.



ദേവി നന്ദന എൻ.
രാജഗിരി ഹയർ സെക്കന്ററി സ്കൂൾ
കളമശ്ശേരി, എറണാകുളം

പൂവറിവ്

# ടുളിപ്പ് വസന്തം

നീണ്ട തണ്ടിന്റെ അറ്റത്ത് മുഴുൻവിടരാതെ തലയെടുപ്പോടെ നിൽക്കുന്ന ടുളിപ്പ് പൂക്കൾ മനോഹരമായ കാഴ്ചയാണ്. കടും നിറങ്ങളുടെ വൈവിധ്യം ടുളിപ്പ് തോട്ടങ്ങളെ കൂടുതൽ ആകർഷകമാക്കുന്നു. ഹോളണ്ടുകാരുടെ പ്രിയപ്പെട്ട പുഷ്പമാണ് ടുളിപ്പ്. ഈ പൂക്കൾ വലിയ വിലകൊടുത്ത് വാങ്ങിയിരുന്നു അവർ. ടുളിപ്പോമാനിയ എന്നാണ് ഇത് അറിയപ്പെടുന്നത്. ടോലിബൻ എന്ന പേർഷ്യൻ വാക്കിൽ നിന്നാണ് ടുളിപ്പ് എന്ന പേര് വന്നത്. 100 ലധികം ടുളിപ്പ് ഇനങ്ങളുണ്ട്. ഹോളണ്ടിൽ നിന്ന് എത്തിയ ടുളിപ്പ് അമേരിക്കയിലും യൂറോപ്പിലും വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നു. 30 സെന്റി മീറ്റർ താഴെ മാത്രം വളരുന്ന ഇനങ്ങളാണ് ഏറെ നട്ടുവളർത്തുന്നത്.



മാളവിക പി.
ജി.യു.പി.എസ്.കൊടൽ
കോഴിക്കോട്

വർണച്ചിറക്
കവിത

# അമ്മയാണ്

എത്ര മനോഹരം ഈ പ്രകൃതി
അമ്മ തൻ നെഞ്ചിൽ കുഞ്ഞെന്നപോലെ
ഓരോ മനുജനും തായയാം ഭൂമി
കള്ളമില്ലാതെ സ്നേഹിച്ചുവെന്നാൽ
എന്തും തരുന്നൊരു ദേവിയാം ഭൂമി
ദൈവത്തിന്നോരോ അത്ഭുതങ്ങളിൽ
പ്പെട്ടതല്ലോ പ്രകൃതി എന്ന സത്യം
ചുറ്റുമൊന്നു വീക്ഷിച്ചാൽ കണ്ണെടുക്കാനേ
തോന്നാത്ത പ്രകൃതി തൻ ഭംഗി
പ്രകൃതി നമ്മുടെയമ്മയാണ്!



ഫാത്തിമ അഫ്രിൻ
ആലങ്ങാട് ജമാഅത്ത് പബ്ലിക് സ്കൂൾ
കരുമല്ലൂർ , എറണാകുളം

# രോദനം



തിരമുറിയാതെ പെയ്യുന്ന തിരുവാതിര ഞാറ്റുവേല... ഞാൻ ജനലിലൂടെ നോക്കി നിൽക്കുകയായിരുന്നു. പുതുമണ്ണിന്റെ നേർത്ത മണം. മനസ്സിൽ ചിന്തകളും ആർത്തലച്ചു പെയ്യുന്നു. ' വരൂ... ബ്രേക്ക് ഫാസ്റ്റ് കഴിക്കാം' അമ്മയുടെ വിളി ചിന്തകളിൽ നിന്നുണർത്തി. ഈ ചിതലരിച്ച ജീവിതത്തിന്റെ ഉത്തരവാദി അമ്മയാണ്. ഗ്രാമത്തിന്റെ നന്മയിൽ നിന്നും എന്നെന്നേക്കുമായി നഗരത്തിലേക്ക് പറിച്ചു നട്ടപ്പോൾ ജീവിതത്തിലെ വർണ്ണങ്ങൾ ചുരുങ്ങി. അമ്മ മമ്മിയായി. ഭക്ഷണം മുഴുവൻ കഴിക്കാതെ എഴുന്നേറ്റുപോന്നു. വീണ്ടും ജനലിലൂടെ മഴയെ നോക്കി നിന്നു. ഇവിടം പണ്ട് മലയും പുഴയും ഉണ്ടായിരുന്ന സ്ഥലമായിരുന്നെന്ന് അപ്പുറത്തെ ഫ്ളാറ്റിലെ നീനു പറഞ്ഞത് ഓർമ്മയുണ്ട്. പെട്ടെന്ന് ശരീരത്തിൽ മിന്നൽ പിണരുകൾ ഉണ്ടായി. ശരീരം നിശ്ചലമായി. എല്ലാം നിശ്ചലയായി. അടുത്ത് ഒരു മരുഭൂമി കൂടി തയ്യാറായിവരുന്നുണ്ടെന്ന് മനസ്സിലായി. 'നിങ്ങൾക്ക് മാത്രം അവകാശപ്പെട്ടതാണോ ഭൂമി, ഞങ്ങൾക്കും ജീവിക്കണ്ടേ?' ഒരു ധ്വനി എവിടെനിന്നോ കേൾക്കുന്നു. പ്രകൃതി ആണോ? അതോ ജീവജാലങ്ങളോ? മനുഷ്യ പരമ്പരയിലെ ഒരു കണ്ണിയാണല്ലോ എന്ന ചിന്ത മൗനത്തിന്റെ വലയം ഭേദിച്ചു. സ്വാർത്ഥത മാത്രമായിമാറിയ മാനവരാശിയോടുള്ള പ്രതിഷേധം ഒരു ഗർജ്ജനമായി ഉയർന്നു – 'നിർത്ത്!' ആകാശത്തെ തുരക്കുന്ന ഫ്ളാറ്റ് സമുച്ചയം ആ ശബ്ദത്തിൽ മുങ്ങിപ്പോയി.

ആദിലക്ഷ്മി
വി.പി.എം.എസ്.എൻ.ഡി.പി.എച്ച്.എസ്.എസ്.
കഴിമ്പ്രം, തൃശൂർ

# മാതൃഭൂമി ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha @ mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.

**മനുഷ്യ വ്യത്യാസങ്ങൾ
ലോകത്തെ സുരക്ഷിതമാക്കുന്നു
എന്നു പറഞ്ഞുതരുന്നതിനെ
നരവംശശാസ്ത്രം
എന്ന് വിളിക്കാം**



Published by Mathrubhumi Seed